## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3670

15.12.2014 ലെ മറുപടിയ്ക്ക്

### "കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും (കെ.എസ്.സി.എസ്.ടി.ഇ) ഇതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും പിന്തുടരുന്ന നിയമന വേതന വ്യവസ്ഥകൾ കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ) പിന്തുടരുന്ന വ്യവസ്ഥകൾക്ക് അനുസൃതണോ; വിശദമാക്കാമോ; | (എ) & (ബി) അല്ല. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും സേവന-വേതന വ്യവസ്ഥകൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പു വരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല. |
| (ബി) എങ്കിൽ സി.എസ്.ഐ.ആർ നിയമന മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യതയുള്ള വരാണോ, ഇപ്പോൾ കെ.എസ്.സി.എസ്.ടി.ഇ - യിലും ഇതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും ഡയറക്ടർമാരായി തുടരുന്നത് ഇവരുടെ നിയമനത്തിൽ സി.എസ്.ഐ.ആർ വ്യവസ്ഥ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പിന്തുടർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | |

| | |
|---|---|
| (സി) പ്രസ്തുത ഡയറക്ടർ നിയമനങ്ങളിലും, ഇനിയുള്ള നിയമനങ്ങളിലും സി.എസ്.ഐ.ആർ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദ്യേശ്യമുണ്ടോ; നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ വിശദമാക്കാമോ; | (സി) നിയമനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പു വരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല. നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) മേൽപ്പറഞ്ഞ ഗവേഷണ സ്ഥാപനങ്ങളിൽ ഡയറക്ടർ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്രയെണ്ണം; പ്രസ്തുത തസ്തികകളിൽ യോഗ്യതയുള്ളവരെ ഉടൻ നിയമിക്കുമോ;<br><br>(ഇ) എങ്കിൽ എത്ര കാലത്തിനകം ഇത് നികത്താൻ കഴിയുമെന്ന് വിശദമാക്കാമോ ? | (ഡി)&(ഇ): ഉണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ്, കോഴിക്കോട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഒഴിവുണ്ട്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതുമാണ്. |

**അണ്ടർ സെക്രട്ടറി റ്റു ഗവൺമെന്റ്**

## അനുബന്ധം

## നാട്പാക്

- സിവിൽഎഞ്ചിനീയറിംഗിൽഎംടെക്
- മാനേജ്മെന്റിൽ പി.ജി.ഡിപ്ലോമ
- സിവിൽഎഞ്ചിനീയറിംഗിൽ ബി.എസ്.സി ഇതിനുപുറമേ 29 വർഷത്തെ പ്രവൃത്തിപരിചയം

## സെന്റർഫോർവാട്ടർറിസോഴ്സ്ഡവലപ്പ്മെന്റആന്റമാനേജ്മെന്റ്

**ഡയറക്ടർ ഇൻ ചാർജ്**

- എം.എസ്.സി.(ജിയോളജി)
- എം.ടെക്(ജിയോളജി)
- പി.എച്ച്.ഡി.(ജിയോളജി)
- സയന്റിസ്റ്റ് എന്ന നിലയിൽ 30 വർഷത്തെ പ്രവൃത്തിപരിചയം

## കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

നിശ്ചിത യോഗ്യതയായ ഗണിത ശാസ്ത്രത്തിലുള്ള പി.എച്ച്.ഡി.ബിരുദവും, അക്കാദമിക്/ ഗവേഷണതലത്തിലുള്ള 15 വർഷത്തെ പ്രവൃത്തിപരിചയവും നിലവിൽ ഡയറക്ടർ ചുമതല വഹിക്കുന്നവർക്കുണ്ട്.

## ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

- എം.എസ്.സി. ബോട്ടണി
- എം.ഫിൽ ബോട്ടണി
- ഡോക്ടർ ഓഫ് ഫിലോസഫി (ബോട്ടണി)

## കൗൺസിൽആസ്ഥാനം

- എം.എസ്.സി. ഫിസിക്സ്
- പി.എച്ച്.ഡി ഫിസിക്സ്
- 32 വർഷത്തെ അധ്യാപന പരിചയവും 24 വർഷത്തെ ഗവേഷണ പരിചയവും